# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3730 — 19.02.2013-ൽ മറുപടിയ്ക്ക്

### സ്വകാര്യഭൂമിയിലെ തടി ഉൽപ്പാദനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ<br>,, വി.റ്റി. ബൽറാം<br>,, എം. പി . വിൻസെന്റ്<br>, , ലൂഡി ലൂയിസ് | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) സ്വകാര്യ ഭൂമിയിലെ തടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഭൂവുടമകൾക്ക് അധിക വരുമാനം ലഭ്യമാക്കാനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | എ) രൂപീകരിച്ചിട്ടുണ്ട്. സ്വകാര്യ ഭൂമിയിലെ തടി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും, ഭൂവുടമകൾക്ക് അധിക വരുമാനം ലഭ്യമാക്കുന്നതിനും, തടി ഉൽപാദനത്തിൽ സംസ്ഥാനത്തിന് സ്വയംപര്യാപ്തത കൈവരിക്കുന്നതിനുംവേണ്ടി 'ഇൻസെന്റിവൈസേഷൻ ഓഫ് പ്രൈവറ്റ് ഫോറസ്ട്രി'എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. അതിൻ പ്രകാരമുള്ള മാർഗ്ഗരേഖകൾ അംഗീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വൃക്ഷതൈകൾ വനം വകുപ്പിന്റെ സാമൂഹിക വനവൽക്കരണ വിഭാഗം ഉൽപാദിപ്പിച്ച് വിതരണം ചെയ്യുകയും; തൈകൾക്ക് താഴെപ്പറയുന്ന നിരക്കിൽ പ്രോത്സാഹന തുക നൽകുകയും ചെയ്യുന്നു.<br><br>i. 50 മുതൽ 200 വരെ തൈകൾക്ക് തൈ ഒന്നിന് 50 രൂപ<br>ii. 201 മുതൽ 400 വരെ തൈകൾക്ക് തൈ ഒന്നിന് 40 രൂപ കുറഞ്ഞത് 10000 രൂപ<br>iii. 401 മുതൽ 625 വരെ തൈകൾക്ക് തൈ ഒന്നിന് 30 രൂപ കുറഞ്ഞത് 16000 രൂപ<br><br>മുൻ വർഷങ്ങളിൽ നട്ട തൈകൾക്ക് അതായത് ഒരു വർഷം മുതൽ 2 വർഷം വരെ പ്രായമായ തൈകൾക്ക് മാത്രമായിരിക്കും പ്രോത്സാഹന ധനസഹായം നൽകുന്നത്. പ്രോത്സാഹന ധനസഹായത്തിന്റെ 50% ഒന്നാം ഗഡുവായി ആദ്യ വർഷവും. ബാക്കി 50% രണ്ടാം ഗഡുവായി 3-ാം വർഷവും നൽകുന്നതാണ് |
| ബി) ഏതെല്ലാം ഇനം മരങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശ | ബി) തേക്ക്, ചന്ദനം, ആഞ്ഞിലി, മഹാഗണി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് തുടങ്ങിയ 10 ഇനം മരങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |

ങ്ങൾ എന്തെല്ലാം ;

| | |
|---|---|
| സി) സർവ്വ സാധാരണ ഉൽപ്പാദിപ്പിക്കുന്ന തടിയിനങ്ങളുടെ ലഭ്യതയിൽ സ്വയം പര്യാപ്തത കൈവരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നറിയിക്കുമോ ? | സി) ഈ വർഷം മുതൽ നടപ്പിലാക്കുന്ന പദ്ധതിയിൽ മേൽപ്പറഞ്ഞ 10 ഇനം വൃക്ഷങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ പ്രവർത്തന വിജയം കണക്കാക്കി സർവ്വസാധാരണമായി ഉത്പാദിപ്പിക്കുന്ന തടിയിനങ്ങൾ കൂടി ഭാവിയിൽ സർക്കാർ ഉത്തരവിന് വിധേയമായി ഉൾപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ